## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.793. 07.02.2013 -ൽ മറുപടിയ്ക്ക്

## കായംകുളം താലൂക്കാശുപത്രിയിലെ കുടിവെള്ള സുരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.കെ. സദാശിവൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കായംകുളം താലൂക്കാശുപത്രിയിൽ കുടിവെള്ളത്തിൽ പുഴുക്കളെ കണ്ടെത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ ഇതിന്റെകാരണം എന്തെന്ന് അന്വേഷിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയിട്ടുള്ളത് |
| (സി) | താലൂക്കാശുപത്രിയിൽ, കുടിവെള്ള സുരക്ഷ ഉറപ്പാക്കാൻ, എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | സംഭവത്തിനുശേഷം ആശുപത്രിയിലെ കിണറും വെള്ളം ശേഖരിക്കുന്ന വാട്ടർ ടാങ്കും പൂർണ്ണമായി വറ്റിച്ച് വൃത്തിയാക്കുകയും തുടർന്ന് ക്ലോറിനേഷനും നടത്തിയിട്ടുണ്ട്. കിണറ്റിലേക്ക് ചാഞ്ഞു കിടന്നിരുന്ന മരത്തിന്റെ ചില്ലകളും വെട്ടിമാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ